## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

## പ്രവചന കാലയളവ് 01.10.2025 മുതൽ 05.10.2025 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 39/2025 (78) വെള്ളിയാഴ്ച | തീയ്യതി 30/09/2025 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 01.10.2025 | 02.10.2025 | 03.10.2025 | 04.10.2025 | 05.10.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.2 | 0.1 | 0.2 | 0.1 | 0.1 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 3 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 230 | 230 | 230 | 230 | 230 |
| മേഘ വ്യാപ്തി (ഒക്ടാ ) | 6 | 6 | 6 | 6 | 7 |

**കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.**

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:-. സ്പ്രേയിങ്ങും വളപ്രയോഗവും കഴിവതും തെളിഞ്ഞ കാലാവസ്ഥയിൽ മാത്രം ചെയ്യുക. കീട രോഗ സാധ്യത കൂടിയ സാഹചര്യമായതിനാൽ കൃത്യമായി വിളകൾ നിരീക്ഷിക്കുകയും തുടക്കത്തിൽ തന്നെ അവയെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുക. കീടരോഗ നിയന്ത്രണം സമീപത്തുള്ള കർഷകർ കൂട്ടായ പ്രവർത്തനത്തിലൂടെ ചെയ്യുന്നത് വീണ്ടും രോഗം ബാധിക്കുന്നതു ഇല്ലാതാക്കാൻ കഴിയും.

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) | ബ്ലാസ്റ്റ് രോഗം | ഇടവിട്ടുള്ള മഴ നെല്ലിലെ ബ്ലാസ്റ്റ് രോഗം അധികരിക്കുന്നതിനു കാരണമാകുന്നു. ഞാറ്റടിയിൽ പലയിടങ്ങളിലും ബ്ലാസ്റ്റ് രോഗം കണ്ടു വരുന്നുണ്ട്. കണ്ണിൻറെ ആകൃതിയിലുള്ള പുള്ളിക്കുത്തുകൾ വരുകയും അവ കൂടിച്ചേർന്ന് ഇലകൾ കരിഞ്ഞു പോകുന്നതുമാണ് ലക്ഷണം. ഇതിനു മുൻകരുതലായി 20 ഗ്രാം സ്യൂഡോമൊണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. രോഗബാധ ഉണ്ടെങ്കിൽ ഐസോപ്രോതയോലേൻ 40 ഇ.സി. (Isoprothiolane 40 EC) ഒരു ലിറ്ററിന് 1.5 ml എന്ന തോതിൽ തളിച്ച് കൊടുക്കുക. |
| നെല്ല്(വിരിപ്പ്) മൂപ്പെത്തിയ പരുവം | മണി കറുക്കൽ | നെല്ലിൽ മണി കറുക്കൽ രോഗം കാണാൻ സാധ്യതയുണ്ട്. ഇതിനെ നിയന്ത്രിക്കാനായി 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് (കൊസൈഡ്) ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മാവ് | കൊമ്പുണക്കം | മഴ മാറുന്ന സമയങ്ങളിൽ മാവിൽ കൊമ്പുണക്കം ഉണ്ടാകാൻ സാധ്യതയുണ്ട്. ഈ ലക്ഷണം കാണുന്ന മാവുകളിൽ കോപ്പർ ഓക്സി ക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. |

മൃഗസംരക്ഷണം-: കാലിത്തൊഴുത്തിൽ അഴുക്കുവെള്ളം കെട്ടികിടക്കുന്നത് അകിടുവീക്കം ഉണ്ടാകാൻ കരണമാകുന്നതിനാൽ തൊഴുത്തിൽ വെള്ളം കെട്ടി നിൽക്കാതിരിക്കാൻ ശ്രദ്ധിക്കുക.